നം.C1/581/2020-DSW

സൈനിക ക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ
തിരുവനന്തപുരം : 695 033
ഫോൺ :0471-2303654
e-mail: dswkerala@gmail.com
തീയതി:-30 Nov 2020

## സർക്കുലർ

വിഷയം:- സൈനിക ക്ഷേമ വകുപ്പ്-സൈനികക്ഷേമ ആഫീസുകളിൽ 01/01/99 മുതൽ 20/11/19 വരെയുള്ള കാലയളവിൽ റദ്ദായ എമ്പ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് ..-സംബന്ധിച്ച്.

സൂചന :- 1) സ.ഉ (സാധാ) നഠ. 1179/2020 തൊഴിൽ തിയതി 05.11.2020.

01.01.1999 മുതൽ 31.12.2019 വരെ വിവിധ കാരണങ്ങളാൽ പുതുക്കൽ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാതഥികൾക്ക് അവരുടെ തനതു സീനിയോറിറ്റി നില നിർത്തി കൊണ്ട് രജിസ്ട്രേഷൻ പുതുക്കുന്നതിന് 28 ഫെബ്രുവരി 2020 വരെ സമയം അനുവദിച്ചു കൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപെടുവിച്ചിട്ടുണ്ട്, വിവിധ കാരണങ്ങളാൽ 1/1/99 മുതൽ 31/12/2019 വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ റദ്ദായ വിമുക്ത ഭടന്മാരായ ഉദ്യോഗാർത്ഥികൾക്ക് ടി ആനുകൂല്യം ലഭിക്കുന്നതാണ് .കോവിട് -2019 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020 ജനുവരി മാസം മുതൽ പുതുക്കേണ്ട എമ്പ്ലോയ്മെന്റ് registration പുതുക്കുന്നതിന് 2021 മെയ് മാസം വരെ സാവധാനം അനുവദിച്ചിട്ടുള്ളതാണ്. മേൽ പറഞ്ഞ ഉത്തരവ് നടപ്പിലാക്കുന്നതിന് സൈനിക ക്ഷേമ വകുപ്പിനെ സംബന്ധിച്ച പ്രത്യേക നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

2. 1/1/1999 മുതൽ 05/11/2020 വരെയുള്ള കാലയളവിൽ യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ സീനിയോറിറ്റി നഷ്ടമായവർക്ക് (രജിസ്ട്രേഷൻ . ഐഡന്റിടി കാർഡിൽ പുതുക്കേണ്ട മാസഠ 10/99 മുതൽ 8/2020 വരെ രേഖപെടുത്തിയിട്ടുള്ളവർക്ക് ഈ ഉത്തരവിൻറെ ആനുകൂല്യം ലഭിക്കുന്നതാണ്.

3. 1/1/1999 മുതൽ 31/10/2020 വരെയുള്ള കാലയളവിൽ എമ്പ്ലോമെന്റ് എക്സ്ചേഞ്ച്/ സൈനിക ക്ഷേമ വകുപ്പ് മുഖേനയോ ആല്ലാതെ നേരിട്ട സർക്കാർ അർദ്ധസർക്കാർ പൊതുമേഖല തദേശഭരണ സ്ഥാപനങ്ങളിൽ ജോലി ലഭിച്ച നിയമാനുസൃതം വിട്ടുതൽ സർടിഫിക്കറ്റ് വാങ്ങുകയും എന്നാൽ ടി സട്ടിഫിക്കറ്റ് യഥാസമയം 90 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാൻ കഴിയാത്തതിനാൽ സീനിയോറിറ്റി നഷ്ടമായവർക്കും ഈ ഉത്തരവിൻറെ ആനുകൂല്യം നല്കാവുന്നതാണ്.

4. ടി കാലയളവിൽ മെഡിക്കൽ ഗ്രൌണ്ടിലും ഉപരിപഠനാർത്ഥവും സൈനിക ക്ഷേമ വകുപ്പ് മുഖേന ലഭിച്ച ജോലി പൂർത്തിയാക്കാനാവാതെ ജോലിയിൽ നിന്ന് വിട്ടുതൽ ചെയ്ത രാജി വച്ചവർക്കും ടി ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്/ കോഴ്സ് സട്ടിഫിക്കറ്റ്/ മാർക്ക് ലിസ്റ്റ് / ജയിച്ചതോ തോറ്റതോ ആയ സട്ടിഫിക്കറ്റ്/ റ്റി.സി. എന്നിവ തെളിവായി സ്വീകരിച്ച ഈ ഉത്തരവിൻറെ ആനുകൂല്യഠ നല്കാവുന്നതാണ്.

4. സൈനിക ക്ഷേമ വകുപ്പ മുഖേന ടി കാലയളവിൽ ജോലിയ്ക്ക് നിയമനം ലഭിച്ചിട്ടും വിവിധ കാരണങ്ങളാൽ ജോലിയിൽ പ്രവേശിക്കാതെ നിയമനാധികാരിയിൽ നിന്നും നോൺ ജോയനിംഗ് ഡ്യൂട്ടി സട്ടിഫിക്കറ്റ് യാഥാസമയം ഹജരാക്കത്തതിനാൽ സീനിയോറിറ്റി നഷ്ടമായവർക്കും ടി ഉത്തരവിൻറെ ആനുകൂല്യം നൽകി സീനിയോറിറ്റി പുനസ്ഥാപിച്ച നല്കാവുന്നതാണ്.

Scanned with CamScanner

5. ശിക്ഷാ നടപടിയുടെ ഭാഗമായോ മനപ്പൂ:ർവ്വം ജോലിയിൽ ഹാജരാകത്തതിനാലോ സീനിയോറിറ്റി നഷ്ടപെട്ടവർക്ക് ടി ആനുകൂല്യം ലഭിക്കുന്നതല്ല.

6. സൈനിക ക്ഷേമ വകുപ്പ് വഴിയല്ലാതെ സ്വകാര്യമേഖലയിൽ നിയമനം ലഭിച്ച17.02.2010 ന് ശേഷം വിടുതൽ ചെയ്ത സർടിഫിക്കറ്റുകൾ ലേബർ ആഫിസർ/ ഫാക്ടറി ഇൻസ്പെക്ടർ/ട്രെയിനിംഗ് ഇൻസ്പെക്ടർ/ജില്ലാ മെഡിക്കൽ ആഫിസർ തുടങ്ങി ബന്ധപെട്ട ഉദ്ധ്യോഗസ്ഥർ സക്ഷ്യപെടുത്തി നൽകിയിട്ടുള്ളതും യഥാസമയം സൈനിക ക്ഷേമ ആഫിസിൽ ഹാജരാക്കാൻ കഴിയാത്ത വിമുക്തഭടന്മാർക്കും അത്തരം സർടിഫിക്കറ്റുകൾ നിശ്ചിത സമയപരിധി (90 ദിവസം) രാജിസ്ട്രേഷൻ രേഖയിൽ ചേർത്ത് സീനിയോറിറ്റി നഷ്ടപ്പെട്ട വിമുക്തഭടന്മാർക്കും ടി ഉത്തരവിൻറെ ആനുകൂല്യം ലഭിക്കുന്നതാണ്.

7. സൈനിക ക്ഷേമ ആഫിസിൽ ടി ഉത്തരവ് പ്രകാരം പുതുക്കലിന് ഹാജരാകുന്ന വിമുക്തഭടന്മാർ/ദൂതൻ മുഖേന പുതുക്കുന്നവരുടെ വിവരങ്ങൾ പ്രത്യക പുതുക്കൽ രജിസ്റ്ററിൽ രേഖപെടുത്തി അന്നുതന്നെ പുതുക്കി സീനിയോറിറ്റി പുനസ്ഥാപിച്ചു നൽകേണ്ടതാണ്.

8. 31.12.2020 ൽ പ്രായ പരിധി കഴിയുന്ന ഉദ്ധ്യോഗാർത്ഥികളെ 31.12.2020 വരെ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾക്ക് നാമ നിർദേശം ചെയ്യേണ്ടതുള്ളതിനാൽ 31.12.2020 ൽ പ്രായപരിധി കഴിയുന്ന വിമുക്ത ഭടന്മാരെ യഥാവിധം സീനിയോറിറ്റി ലിസ്റ്റിൽ ഉൾപെടുത്തി ഒഴിവുകൾക്ക് പരിഗണിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. ഏതെങ്കിലും സാങ്കേതിക കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കി നൽകാൻ കഴിയാത്ത സാഹചര്യത്തിൽ അത്തരം ഉദ്യോഗാർത്ഥികൾക്ക് നിശ്ചിത ദിവസം രേഖപെടുത്തി രശീത് നൽകുകയും അപ്രകാരം രേഖപെടുത്തി നൽകുന്ന ദിവസം തന്നെ നടപടി പൂർത്തിയാക്കി രജിസ്ട്രേഷൻ പുതുക്കി നൽകേണ്ടതുമാണ്. അത്തരക്കാർക്കു **15.03.2021 നകം** രജിസ്ട്രേഷൻ പുതുക്കൽ പൂർത്തിയാക്കി നൽകുന്നതിനു സമയപരിധി അനുവദിക്കാവുന്നതാണ്.

10. രജിസ്ട്രേഷൻ പുതുക്കുന്ന വേളയിൽ ഉദ്യോഗാർത്ഥികളുടെ ടെലിഫോൺ നമ്പർ/മൊബൈൽ നമ്പർ സർവീസ് വിവരങ്ങൾ യോഗ്യത വിവരങ്ങൾ വിവിധ തൊഴിലുകളിലേക്ക് നാമ നിർദേശം നൽകുന്നതിനുള്ള സന്നദ്ധത തുടങ്ങിയ വിവരങ്ങൾ ശരിയായി ഇൻഡക്സ് കാർഡിൽ രേഖപെടുത്തിയിട്ടുണ്ടോ എന്നത് വിവരം ഉറപ്പുവരുതെണ്ടാതുമാണ്.

11. പ്രത്യേക പുതുക്കലിന് അപേക്ഷ നൽകിയവരുടെ വ്യക്തിഗത വിവരങ്ങളിൽ വ്യത്യാസമുള്ള പക്ഷം അത് സംബന്ധിച്ച് മാറ്റം വരുത്തലുകൾ നിലവിലെ നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി തന്നെ ചെയ്യേണ്ടതുണ്ട് (മേൽവിലാസം മാറ്റൽ, അധിക യോഗ്യത കൂട്ടിച്ചേർക്കൽ, തൊഴിൽ സന്നദ്ധത തുടങ്ങിയവ) സംബന്ധിച്ച രജിസ്റ്ററുകളിൽ രേഖപെടുത്തി നടപടിക്രമങ്ങൾ പാലിച്ചുതന്നെ ചെയ്യേണ്ടാതാണ്.

12. 2.3.2021 വരെ ലഭിച്ച അപേക്ഷകൾ സംബന്ധിച്ച എന്നാൽ സ്പെഷ്യൽ റിന്യൂവൽ രജിസ്റ്റർ പൂർത്തീകരിച്ചു ജില്ലാ ആഫിസരുടെ ഒപ്പ് രേഖപെടുത്തേണ്ടതും ലഭിച്ച **അപേക്ഷ നടപടി** പൂർത്തിയാക്കി അവശേഷിക്കുന്നവ എന്നത് സംബന്ധിച്ച കണക്കു തൊട്ടടുത്ത ദിവസം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതുമാണ്.

13. വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചതിനാൽ പ്ലയ്സ്മെന്റിലായിട്ടുള്ള വിമുക്തഭടന്മാരുടെ റി എൻട്രി ചെയ്യുമ്പോൾ ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റുകളുടെ

Scanned with CamScanner

പകർപ്പുകൾ പ്രത്യകം ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

14. ഈ പ്രത്യക പുതുക്കൽ ഉത്തരവ് സംബന്ധിച്ച എല്ലാ ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളിലും പരമാവധി പ്രചാരണം നൽകേണ്ടതും പത്ര കുറിപ്പിൻറെ പകർപ്പ് ഈ കാര്യലയത്തിലേക്ക് അയച്ചു തരേണ്ടതുമാണ്.

എ കിഷൻ

Signature valid
Digitally signed by A KISHAN
Date: 2020.12.01 13:05:35 IST
Reason: Approved

ഡയറക്ടർ ഇൻചാർജ്

പകർപ്പ്:-
1) എല്ലാ ജില്ലാ സൈനിക ക്ഷേമ ആഫിസുകൾക്കും
2) വെബ് സെക്ഷൻ
3) കരുതൽ ഫയൽ
4) ആഫിസ് കോപ്പി

DEPARTMENT OF SAINIK WELFARE ★ THIRUVANANTHAPURAM

Scanned with CamScanner